കിറ്റ്സിൽ ഗൈഡ് ട്രെയിനിംഗ് കോഴ്സ്

24 (*654) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം കേന്ദ്രങ്ങളിൽ പരിശീലനം സിദ്ധിച്ച ടൂറിസ്റ്റ് ഗൈഡുകളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിറ്റ്സിൽ ഗൈഡ് ട്രെയിനിംഗ് കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) കിറ്റ്സിലെ ഗൈഡ് ട്രെയിനിംഗ് കോഴ്സ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദേശങ്ങൾ വിശദീകരിക്കുമോ ;

(ഇ) ഇവിടെ ആരംഭിക്കുന്ന ഗൈഡ് ട്രെയിനിംഗ് കോഴ്സ് പ്രകാരം എത്ര ചെറുപ്പക്കാർക്ക് ടൂറിസം മേഖലയിൽ തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്താൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിറ്റ്സിന്റെ നേതൃത്വത്തിൻ ഗൈഡ് ട്രെയിനിംഗ് ഉൾപ്പെടെ നിരവധി കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കിറ്റ്സിന്റെ തലശ്ശേരി കേന്ദ്രത്തിൽ 10 പേർക്കും ആലപ്പുഴ കേന്ദ്രത്തിൽ18 പേർക്കും ഉൾപ്പെടെ ആകെ 28 പേർക്ക് പരിശീലനം നൽകുകയും, പരിശീലനം നൽകിയ ഗൈഡുകൾക്ക് ടൂറിസം വകുപ്പിന്റെ ഗൈഡ്ലൈസൻസ് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കേന്ദ്ര ഗവൺമെന്റ് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് കിറ്റ്സ് വഴി ലോക്കൽ ഗൈഡുകൾക്കുള്ള ട്രെയിനിംഗ് പരിപാടി നടത്തിയിട്ടുണ്ട്. ലോക്കൽ ഗൈഡുകൾക്കുള്ള ട്രെയിനിംഗിന്റെ കുറഞ്ഞയോഗ്യതകൾ ഹൈസ്കൂൾ വിദ്യാഭ്യാസമോ തത്തുല്യയോഗ്യതയോ ആണ്. അപേക്ഷകന് കുറഞ്ഞത് 20 വയസ് പൂർത്തിയായിരിക്കണം എന്ന നിബന്ധനയും ഇപ്പോൾ നിലവിലുണ്ട്. താരതമ്യേന അറിയപ്പെടാത്ത ടൂറിസം ഡെസ്റ്റിനേഷനുകളിലോ, ടൂർ ഓപ്പറേറ്റർമാരുടെ പ്രവർത്തനം കുറഞ്ഞ ഡെസ്റ്റിനേഷനുകളിലോ സേവനം നൽകാനാണ് പ്രധാനമായും ലോക്കൽ ഗൈഡുകളെ വിന്യസിക്കുന്നത്. ഇത്തരം സ്ഥലങ്ങളിൽ തൊഴിൽ സാധ്യതകൾ

LIBRARY ARCHIVES Kerala Legislative Assembly

വ്യാപിപ്പിക്കുവാനും ഇതുമൂലം കഴിയും. ഇക്കാര്യത്തിൽ കേരള സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധം * I, II ആയി ചേർത്തിരിക്കുന്നു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾ അനുബന്ധം III* ആയി ചേർത്തിരിക്കുന്നു.

(ഇ) ടൂറിസം മേഖലയിൽ മാനവശേഷി വികസനത്തിന് മുന്തിയ പരിഗണനയാണ് സർക്കാർ നൽകിവരുന്നത്. ടൂറിസം വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളി ഈ മേഖലയിൽ ആവശ്യമായ മാനവശേഷി ഇനിയും കൈവരിച്ചിട്ടില്ല എന്നുള്ളതുതന്നെയാണ്. കിറ്റ്സ് നടത്തിയ ലോക്കൽ ട്രെയിനിംഗ് കോഴ്സ് പ്രകാരം ഇതിനോടകം 28 പേർ പരിശീലനം പൂർത്തിയാക്കുകയും അവർക്ക് ലൈസൻസുകൾ നൽകിയിട്ടുമുണ്ട്. ടൂറിസം മേഖലയിൽ ഉയർന്നുവരുന്ന തൊഴിൽ സാദ്ധ്യതകൾ കണക്കിലെടുത്ത് ഇത്തരത്തിലുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നതുവഴി യുവാക്കൾക്ക് തൊഴിൽ ഈ മേഖലയിൽ ഉറപ്പുവരുത്താൻ സാധിക്കും.

സി. ഫോം രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ

25 (*655) ശ്രീ. ജോസഫ്. എം പുതുശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം, പോലീസ് വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന ഓൺലൈൻ സി.ഫോം രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ എന്ന് മുതലാണ് ആരംഭിച്ചത് ;

(ബി) പ്രസ്തുത ശൃംഖലയിൽ എത്ര ഹോട്ടലുകളെ ബന്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൽ ഉൾപ്പെടാത്ത എത്ര ഹോട്ടലുകൾ ഉണ്ട് ;

(ഡി) ഓൺലൈൻ സി.ഫോം രജിസ്ട്രേഷൻ ഏർപ്പെടുത്തിയതിനുശേഷം ഇതിന്റെ കാര്യക്ഷമത സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ മുഴുവൻ ഹോട്ടലുകളേയും പ്രസ്തുത സംവിധാനത്തിൻ കീഴിൽ കൊണ്ടുവരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) 2010 ഏപ്രിൽ ഒന്നു മുതൽ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly